# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .3026 — 15.02.2013 ന് മറുപടിയ്ക്ക്

### റവന്യൂ ജീവനക്കാരിൽ തുടർച്ചാനുമതി ഇല്ലാത്തവർക്ക് ശമ്പളം ലഭ്യമാക്കുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.തിലോത്തമൻ | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) തുടർച്ചാനുമതി ഇല്ലാത്തതിനാൽ ആയിരക്കണക്കിന് റവന്യൂ ജീവനക്കാർക്ക് ശമ്പളം നഷ്ടപ്പെടുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം ശമ്പളം ലഭിക്കാത്ത ഓഫീസുകളിലും തസ്തികകളിലും ജോലി ചെയ്യുന്നവരെല്ലാം താല്കാലിക ജീവനക്കാരാണോ എന്നു വ്യക്തമാക്കുമോ; തുടർച്ചാനുമതി യഥാസമയം നൽകാത്തതു മൂലം ശമ്പളം ലഭിക്കാത്ത ജീവനക്കാർക്ക് ആയത് യഥാസമയം ലഭിക്കുന്നതിന് എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, താത്ക്കാലിക തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാർ സ്ഥിരം ജീവനക്കാരാണ്. താത്കാലികമായി വരുന്ന അടിയന്തിര ജോലികൾ നിർവ്വഹിക്കുന്നതിനാണ് റവന്യൂ വകുപ്പിൽ താത്ക്കാലിക തസ്തികകൾ അനുവദിക്കുന്നത്. ലാൻഡ് റവന്യൂ കമ്മീഷണർ നൽകുന്ന പ്രൊപ്പോസൽ ഭരണ വകുപ്പ് പരിശോധിച്ച് ധനകാര്യ വകുപ്പിന്റെ അനുമതിയോടെ തുടർച്ചാനുമതി നൽകി വരുന്നുണ്ട്. |
| (ബി) താൽക്കാലിക ഗണത്തിൽപ്പെടുത്തിയ എത്ര ഓഫീസുകളും എത്ര തസ്തികകളും റവന്യൂ വകുപ്പിലുണ്ടെന്ന് വ്യക്തമാക്കുമോ; ഒരേ റാങ്കിൽ നിന്നും സർവ്വീസിൽ കയറുന്നവരും, ഒരേ വകുപ്പിൽ വിവിധ ഓഫീസുകളിൽ ജോലി ചെയ്യുന്നവരുമായ ജീവനക്കാരിൽ കുറെപേർ മാത്രം ചില പ്രത്യേക ഓഫീസിൽ എത്തുമ്പോൾ താൽക്കാലിക തസ്തികകൾ എന്ന പേരിലും തുടർച്ചാനുമതി നിഷേധിക്കുന്നതു മൂലവും ശമ്പളം ലഭിക്കാത്ത സാഹചര്യം എങ്ങനെ | (ബി) താത്കാലിക ഗണത്തിൽപ്പെട്ട 97 പൊന്നുംവില ഓഫീസുകളും 20 റവന്യൂ റിക്കവറി ഓഫീസുകളും 9 സ്പെഷ്യൽ ഭൂമി പതിവ് ഓഫീസുകൾ, കളക്ടറേറ്റ്, ലാന്റ് ബോർഡ്, ലാന്റ് റവന്യൂ കമ്മീഷണറേറ്റ് എന്നീ ഓഫീസുകളിലെ ചില തസ്തികകൾ ഉൾപ്പെടെ 5068 തസ്തികകൾ തുടർച്ചാനുമതി ഉള്ളവയാണ്. താത്കാലികമായി വരുന്ന അടിയന്തിര ജോലികൾ നിർവ്വഹിക്കുന്നതിനാണ് റവന്യൂ വകുപ്പിൽ താത്ക്കാലിക തസ്തികകൾ അനുവദിക്കുന്നത്. ഇത്തരം തസ്തികകളിൽ റവന്യൂ വകുപ്പിലെ സ്ഥിരം ജീവനക്കാരെയാണ് നിയോഗിക്കുന്നത്. ടി തസ്തികകൾ കുറഞ്ഞ കാലത്തേയ്ക്കാണ് |

| | |
|---|---|
| കാണുന്നുവെന്ന് വ്യക്തമാക്കുമോ; ഈ പ്രശ്നത്തിന് ശാശ്വതവും അടിയന്തിരവുമായ പരിഹാരം കാണുമോ? | പ്രാരംഭ നിലയിൽ അനുമതി നൽകുന്നത്. എന്നാൽ ഇത്തരം താത്ക്കാലിക ഓഫീസുകളിലെ ജോലികൾ പൂർത്തിയാകാത്തതിനാലും, അധിക ജോലികൾ ഏല്പിക്കുന്നതിനാൽ കാലാവധി കഴിഞ്ഞും തുടർന്ന് പ്രവർത്തിക്കേണ്ടതായി വരുന്നു. ലാന്റ് റവന്യൂ കമ്മീഷണർ തുടർച്ചാനുമതിയ്ക്കായി നൽകുന്ന പ്രൊപ്പോസൽ ബന്ധപ്പെട്ട ഭരണ വകുപ്പ് പരിശോധിച്ച് ധനകാര്യ വകുപ്പിന്റെ അംഗീകാരത്തോടെയാണ് തുടർച്ചാനുമതി നൽകുന്നത്. |

സെക്ഷൻ ഓഫീസർ